"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി.ശ്രീലത, ഹരിചന്ദനം വീട്ടിൽ, ചുനക്കര വില്ലേജ്, ചുനക്കര കിഴക്കുംമുറി, മാവേലിക്കര സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1086/2024/ID തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:-

1. ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 10.02.2022 തീയതിയിലെ ഡിഎ/286/എംഎം/2020 നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീമതി.ശ്രീലത, ഹരിചന്ദനം വീട്ടിൽ, ചുനക്കര വില്ലേജ്, ചുനക്കര കിഴക്കുംമുറി, മാവേലിക്കര 12.11.2023 ൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 05.11.2024-ലെ ഡിഎംജി/1298/2024-എം1 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ ചുനക്കര വില്ലേജിൽ നടക്കുന്ന അനധികൃത ഖനനം സംബന്ധിച്ച മാവേലിക്കര തഹസിൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് നം.7 ലും, റീസർവ്വേ നം.108/9 (റ്റി.പി-10728) ൽപ്പെട്ടതും, ശ്രീമതി.ശ്രീലത, ഹരിചന്ദനം വീട്ടിൽ, ചുനക്കര വില്ലേജ്, ചുനക്കര കിഴക്കുംമുറി, മാവേലിക്കര എന്നവരുടെ കൈവശത്തിലുള്ളതുമായ വസ്തുവിൽ നിന്നും അനധികൃതമായി സാധാരണ മണ്ണ്, ചെങ്കല്ല് എന്നിവ നീക്കം ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ആലപ്പുഴ ജില്ലാ ജിയോളജി ഓഫീസിൽ നിന്നും നോട്ടീസ് നൽകിയെങ്കിലും ആയതിന് മറുപടി ലഭിക്കാത്തതിനെ തുടർന്ന് അനധികൃതമായി നീക്കം ചെയ്ത 1700 മെ.ടൺ മണ്ണിന്റെ റോയൽറ്റി, വില, കോംപൗണ്ടിംഗ് ഫീസ് എന്നീ ഇനങ്ങളിലായി 1,27,000/- രൂപയും, 1870 മെ.ടൺ ചെങ്കല്ലിന് റോയൽറ്റി, വില, കോംപൗണ്ടിംഗ് ഫീസ് എന്നീ ഇനങ്ങളിലായി 1,59,640/- രൂപയും ഉൾപ്പെടെ ആകെ 2,86,640/- രൂപ ഒടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (1) പ്രകാരം ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും ആയതും ഒടുക്കാത്തതിനെ തുടർന്ന് റവന്യൂ റിക്കവറി നടപടികളും ആലപ്പുഴ ജിയോളജി ഓഫീസിൽ നിന്നും സ്വീകരിച്ചതിനെതിരെ ശ്രീമതി.ശ്രീലത, ശ്രീഭവനം, ചുനക്കരവടക്കും മുറി, ചുനക്കര പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 05/09/2024 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, അസിസ്റ്റന്റ് ജിയോളജിസ്റ്റ്, ആലപ്പുഴ, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റ് എന്നിവർ പങ്കെടുത്തു.

3. ഹിയറിംഗ് വേളയിൽ അപ്പീൽകക്ഷി ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ചുനക്കര വില്ലേജിൽ, ബ്ലോക്ക് നം. 7 ൽ, റീ സർവ്വേ 108/9 ൽ പ്പെട്ട 22 സെന്റ് വസ്തു തനിക്കവകാശപ്പെട്ടതാണ്. തന്റെ ഭർത്താവിനൊപ്പം ജോലി സംബന്ധമായി തങ്ങൾ ഗുജറാത്തിലായിരുന്നു. തന്റെ വസ്തുവിൽ നിന്നും വാണിജ്യത്തിനായി മണ്ണോ ചെങ്കല്ലോ തങ്ങൾ ഖനനം നടത്തിയിട്ടില്ല. തെക്കുവശത്തുള്ള പൊതുവഴിയിൽ നിന്നും ചരിഞ്ഞുകിടന്ന വസ്തു കൃഷി ആവശ്യത്തിനായി ലെവൽ ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളൂ. തങ്ങൾ വീട്ടിലുണ്ടായിരുന്നസമയത്തും തങ്ങൾക്ക് നോട്ടീസ് നൽകാതെയും അന്വേഷണം നടത്താതെയും തന്റെ വസ്തുവിൽ നിന്നും അനധികൃത മണ്ണ് ഖനനം നടത്തി എന്നാരോപിച്ച് തന്റെ ഭാഗം കേൾക്കാതെ ഏകപക്ഷീയമായി വലിയ ഒരു തുകയ്ക്ക് നടപടികൾ ആരംഭിച്ചതായി അറിയാൻ കഴിഞ്ഞു.

തന്റെ ഭർത്താവ് ക്യാൻസർ രോഗത്തിനും വാതസംബന്ധമായ രോഗത്തിനും ചികിൽസയിലാണ്. 21 വയസ്സുള്ള 80% മാനസകിക ശാരീരിക വൈകല്യമുള്ളതുമായ ഒരു മകളും, ഗർഭാശയ സംബന്ധമായ അസുഖത്തിന് താനും ചികിൽസയിലാണ്. ക്യാൻസർ രോഗത്തെ തുടർന്ന് ജോലി നഷ്ടമായ തന്റെ ഭർത്താവിന്റേയോ കുഞ്ഞിന്റേയോ തന്റെയോ ചികിൽസപോലും നടത്താനാകാത്ത അവസ്ഥയാണ്. തന്റെ ഭാഗം കേൾക്കാതേയും തന്റെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്താതേയും തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിൽ വലിയൊരു തുകയ്ക്ക് തനിക്കെതിരെ റവന്യൂ നടപടികൾ നടത്തിയിരിക്കുകയാണ്. തന്റെ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയാൽ ആയത് ബോധ്യമാകുന്നതാണ്. മാത്രവുമല്ല ഉദ്യോഗസ്ഥർ തയ്യാറാക്കിയ മഹസ്സറിൽ അനധികൃത ഖനനത്തിന്റെ അളവ് എത്രയെന്ന് പരാമർശിച്ചിട്ടില്ല,

ആയതിനാൽ തന്റെ കുടുംബത്തിന്റെ അവസ്ഥ പരിഗണിച്ച് സത്യാവസ്ഥകൾ പരിശോധിച്ച് ബോധ്യപ്പെടുന്നതിനും സാധ്യമായ വഴികൾ സ്വീകരിച്ച് ന്യായമായ തീർപ്പുണ്ടാക്കി തരേണ്ടതാണ്.

4. ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി ഡിമാന്റ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന അത്രയും മണ്ണ് എടുത്തിട്ടില്ലെന്നും പുനഃപരിശോധന നടത്തണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, തയ്യാറാക്കിയ മഹസ്സറിൽ കൃത്യമായ അളവ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും ഹിയറിംഗിൽ പങ്കെടുത്ത ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും ജില്ലാ ജിയോളജിസ്റ്റും കൂടി അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകുവാൻ അപ്പീൽ അധികാരി നിർദ്ദേശം നൽകിയിരുന്നു.

5. ആയതനുസരിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ ചുനക്കര വില്ലേജിൽ ബ്ലോക്ക് നം. 7 ൽ റീ സർവ്വേ നം. 108/9 ൽ പ്പെട്ടതും ശ്രീമതി. ശ്രീലത, ശ്രീ ഭവനം, ചുനക്കരയുടെ ഉടമസ്ഥതയിലും കൈവശത്തിൽപ്പെട്ടതുമായ സ്ഥലത്ത് നിന്നും അനധികൃതമായി 1700 മെ. ടൺ സാധാരണ മണ്ണും 1870 മെ. ടൺ ചെങ്കല്ലും നീക്കം ചെയ്തതായി വില്ലേജ് ഓഫീസർ ചുനക്കര റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി ഓഫീസിൽ നിന്നും സ്ഥല പരിശോധന നടത്തി സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾക്കെതിരെ സർക്കാർ മുൻപാകെ നൽകിയ അപ്പീൽ പരിഗണിക്കവേ അപ്പലന്റ് ഉന്നയിച്ച വാദങ്ങൾ പരിഗണിച്ചാണ് പുനപരിശോധന നിർദ്ദേശിച്ചത്. ഹിയറിംഗ് വേളയിൽ അപ്പലന്റ് ഉന്നയിച്ച പ്രകാരം നീക്കം ചെയ്ത ധാതുക്കളിൽ എത്ര അളവ് വീതം ടി സ്ഥലത്ത് തന്നെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവെന്ന് പരിശോധിച്ചറിയിക്കാനാണ് ടി സ്ഥലം വീണ്ടും പരിശോധിക്കുവാൻ നിർദ്ദേശിച്ചത്. അപ്രകാരം ഡയറക്ടറേറ്റിൽ നിന്നുള്ള ജിയോളജിസ്റ്റ്, ആലപ്പുഴ ജില്ലാ

ജിയോളജിസ്റ്റ്, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, ചുനക്കര വില്ലേജ് ഓഫീസ് അധികൃതർ എന്നിവർ 07/09/2024 ന് അപ്പലന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ നീക്കം ചെയ്തതായി മുൻപ് റിപ്പോർട്ട് ചെയ്യപ്പെട്ട ധാതുക്കളിൽ 34 മെ. ടൺ ചെങ്കല്ല് ടി സ്ഥലത്ത് ചുറ്റമതിൽ, വീടിന്റെ ഔട്ട്ഹൗസിന്റെ ചുമരിന്റെ ഭാഗം എന്നിവ നിർമ്മിക്കുവാനും, 1425 മെ. ടൺ സാധാരണ മണ്ണ് ടി സ്ഥലത്തു തന്നെ ഭൂമി രൂപാന്തരം ചെയ്ത് കൃഷിക്ക് അനുയോജ്യമാക്കുന്നതിന് ഉപയോഗിച്ചിട്ടുള്ളതുമായി കണ്ടെത്തിയിരുന്നു. ഈ സാഹചര്യത്തിൽ 07/09/2024-ൽ നടത്തിയ സംയുക്തസ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ, അപ്പലന്റ് തന്റെ വസ്തുവിൽ നിന്നും അനധികൃതമായി ഖനനം ചെയ്ത് ഗതാഗതം ചെയ്ത 1836 മെ. ടൺ ചെങ്കല്ലിന് റോയൽറ്റിയിനത്തിൽ 44,064/രൂപയും (ടണ്ണിന് 24 രൂപ നിരക്കിൽ), വിലയിനത്തിൽ 88,128/- രൂപയും (ടണ്ണിന് 48 രൂപ നിരക്കിൽ), 425 മെ. ടൺ സാധാരണ മണ്ണിന് റോയൽറ്റിയിനത്തിൽ 8,500/- രൂപയും (ടണ്ണിന് 20 രൂപ നിരക്കിൽ), വിലയിനത്തിൽ 17,000/- രൂപയും (ടണ്ണിന് 40 രൂപ നിരക്കിൽ) കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 25,000/- രൂപയും ഉൾപ്പെടെ ആകെ 1,82,692/- രൂപ സർക്കാരിലേയ്ക്ക് ഒടുക്ക വരുത്തേണ്ടതാകുന്നു.

6. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ ഹർജിക്കാരന്റെ വാദങ്ങളുടെയും, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം അപ്പീൽ കക്ഷി അനധികൃതമായി നീക്കം ചെയ്ത 1836 മെ. ടൺ ചെങ്കല്ലിന് റോയൽറ്റിയിനത്തിൽ 44,064/-രൂപയും, വിലയിനത്തിൽ 88,128/- രൂപയും, 425 മെ. ടൺ സാധാരണ മണ്ണിന് റോയൽറ്റിയിനത്തിൽ 8500/രൂപയും, വിലയിനത്തിൽ 17,000/- രൂപയും, കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 25,000/- രൂപയും ഉൾപ്പെടെ ആകെ 1,82,692/-രൂപ പെനാൽറ്റി നിർണ്ണയിച്ചു കൊണ്ട് നടപടി ക്രമങ്ങൾ പാലിച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകി, പ്രസ്തുത തുക അപ്പീൽ കക്ഷിയിൽ നിന്നും സർക്കാരിലേയ്ക്ക് ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീമതി.ശ്രീലത, ഹരിചന്ദനം വീട്ടിൽ, ചുനക്കര വില്ലേജ്, ചുനക്കര കിഴക്കുംമുറി, മാവേലിക്കര, ആലപ്പുഴ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീമതി.ശ്രീലത, ഹരിചന്ദനം വീട്ടിൽ, ചുനക്കര വില്ലേജ്, ചുനക്കര കിഴക്കുംമുറി, മാവേലിക്കര, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, ആലപ്പുഴ.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 16-11-2024 15:23:28

സെക്ഷൻ ഓഫീസർ